

**എൻ.കെ പ്രേമചന്ദ്രൻ**
(കേരള ജലവിഭവ വകുപ്പു മന്ത്രി)

# പ്രവാചക സന്ദേശങ്ങൾ ഭരണവ്യവസ്ഥയിൽ പ്രതിഫലിക്കണം

2008 മാർച്ച് 20-ന് ജമാഅത്തെ ഇസ്‌ലാമി തിരുവനന്തപുരം ജില്ലാസമിതി പ്രസ്ക്ലബ് ഹാളിൽ 'പ്രവാചകസന്ദേശത്തിന്റെ കാലിക പ്രസക്തി' എന്നവിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിലെ ഉദ്ഘാടന പ്രസംഗം

**പ്രവാചക സന്ദേശത്തിന്റെ പ്രസക്തി കാലത്തെയും ചരിത്രത്തെയും അതിജീവിച്ചു നിലക്കൊള്ളുന്നു. ലോകപ്രശസ്ത രാഷ്ട്രമീമാംസകനായ വില്യം മൂർ പ്രവാചക ജീവിതത്തെക്കുറിച്ച് പഠനം നടത്തി പറഞ്ഞതാണിത്. ലോകമുള്ളേടത്തോളം, ചരിത്രമുള്ളേടത്തോളം പ്രവാചക മഹത്ത്വം നിലനിൽക്കുമെന്ന് വില്യം മൂർ പറഞ്ഞു. മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്ത മുഹമ്മദ് നബിയെയും അനുയായികളെയും മദീനാ പട്ടണത്തിലെ ജനങ്ങൾ ഹർഷാരവത്തോടെ സ്വീകരിച്ചു. അവിടെ ആദ്യമായി സ്ഥാപിച്ച പള്ളിയായിരുന്നു ലോകത്തെ ആദ്യത്തെ ഇസ്‌ലാമിക ഭരണകൂടം. അതായിരുന്നു ആ രാഷ്ട്രത്തിന്റെ സെക്രട്ടറിയേറ്റ്, നിയമസഭയും കോടതിയും. അങ്ങനെ മദീനയിൽ ആരംഭിച്ച ആദ്യത്തെ ഇസ്‌ലാമിക രാഷ്ട്രം ഒരു മാതൃകാ രാഷ്ട്രമാക്കി മാറ്റുന്നതിനു വേണ്ടി പ്രവാചകൻ നടത്തിയ പ്രവർത്തനങ്ങൾ ഇന്നും ഏറെ പ്രസക്തമാണ്. അതിനുവേണ്ടി ആദ്യം അദ്ദേഹം ചെയ്തത് അയൽ ഗോത്രങ്ങളുമായി സമാധാന ഉടമ്പടികളുണ്ടാക്കുകയാണ്.**

**പ്രവാചകന്റെ** ജന്മദിനം ആചരിക്കപ്പെടുകയോ ആഘോഷിക്കപ്പെടുകയോ ചെയ്യുന്ന കാലഘട്ടമാണിത്. അതിനെ സംബന്ധിച്ച് വ്യത്യസ്തമായ വീക്ഷണങ്ങൾ മുസ്‌ലിം സമൂഹത്തിൽ നിലവിലുണ്ടെന്ന യാഥാർഥ്യം ഞാൻ ആദ്യമായി സ്മരിക്കുകയാണ്. പക്ഷേ, ആചരണത്തിന്റെ പേരിലായാലും ആഘോഷത്തിന്റെ പേരിലായാലും പ്രവാചക സന്ദേശങ്ങളെ സംബന്ധിച്ച് സമഗ്രമായ ചർച്ചകളുണ്ടാകുന്നത് ഏറ്റവും അനുയോജ്യമായ നടപടികളിലൊന്നാണെന്നതിൽ തർക്കമില്ല. പ്രവാചകന്റെ അനുസ്മരണങ്ങൾ ആഘോഷ പരിപാടികളിലായി പരിമിതപ്പെടരുതെന്നുള്ള കാര്യത്തോട് ഞാൻ നൂറു ശതമാനം യോജിക്കുന്നു. ഇതുപോലെയുള്ള സമ്മേളനങ്ങളിൽ ഉയർന്നുവരുന്ന ആശയങ്ങൾ സമൂഹത്തിനും വിശ്വാസികൾക്കും ഏറെ പ്രയോജനം ചെയ്യും.

രണ്ടു വർഷം മുമ്പാണ് പ്രവാചകനായ മുഹമ്മദ് നബിയെ കുറിച്ച് ഡെൻമാർക്കിൽ കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടത്. ലോകത്തെമ്പാടും വലിയ പ്രതിഷേധ കൊടുങ്കാറ്റുയർത്തിയ സംഭവമാണത്. മുഹമ്മദ് നബി ഭീകരവാദിയുടെ രൂപത്തിൽ ചിത്രീകരിക്കപ്പെട്ടു. ഇസ്‌ലാമിനെയും പ്രവാചകനെയും പരിചയപ്പെടുത്തുന്നത് തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും വികലമായ രൂപം നൽകിക്കൊണ്ടാണ്. ലോകസമൂഹത്തിന്, പ്രത്യേകിച്ച് വളർന്നുവരുന്ന യുവ തലമുറക്ക് ഇവ്വിധം ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുന്ന വർത്തമാനകാല പശ്ചാത്തലത്തിൽ, പ്രവാചക ജീവിതചര്യയെക്കുറിച്ച് ഗവേഷണപരമായ ചരിത്രാന്വേഷണവും

പരിശോധനയും വിലയിരുത്തലുമുണ്ടാകുന്നത് ഇസ്ലാമിക ജീവിത ചര്യയുടെയും പ്രവാചക ചര്യയുടെയും തിളക്കം വർധിപ്പിക്കാൻ ഉതകുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഇതുപോലെയുള്ള സെമിനാറുകൾ നടക്കണം. ഈ കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാനത്ത് ഒട്ടാകെ നടത്തിക്കൊണ്ടിരിക്കുന്ന പരിപാടികൾ മാതൃകാപരമാണ്.

എനിക്കിപ്പോഴും ഓർമയുണ്ട്, ഈ സംഘടനയുമായി ആദ്യം ബന്ധപ്പെടുന്നത് ഞാൻ ജനിച്ചുവളർന്ന നാട്ടിൽ തന്നെയുള്ള ഒരു പലിശരഹിത സൊസൈറ്റിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടാണ്. പ്രവാചകന്റെ ജീവിത സന്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി തോന്നിയത്, മുതലാളിത്തത്തിന്റെ ദൂഷിതമായ പ്രവണതകൾ ചൂണ്ടിക്കാണിക്കുന്നു എന്നതാണ്. പലിശ സമ്പ്രദായത്തെ മുതലാളിത്തത്തിന്റെ ദൂഷിത പ്രവണതകളിൽ ഒന്നായി തിരിച്ചറിഞ്ഞുകൊണ്ട്, അതുതന്നെയാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് പലിശ നിഷിദ്ധമാണെന്ന് പ്രവാചകൻ പ്രഖ്യാപിച്ചു. ആ പ്രവാചക സന്ദേശം പ്രാവർത്തികമാക്കുന്നതിന് നേതൃത്വം കൊടുത്ത കേരളത്തിലെ പ്രധാനപ്പെട്ട പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഇന്ന് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ആ വഴിയിലുള്ള ആലോചനകൾ തുടരുന്നു. കാരണം പലിശ ഇല്ലാതെ വായ്പ കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ട സമയം വന്നിരിക്കുന്നു. രാജ്യത്തൊട്ടാകെയുള്ള കർഷകർ പലിശയിലൂടെ ജീവിതം മുന്നോട്ടു നയിക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുകയാണ്. പലിശ ഉയർത്തുന്ന ഭീഷണജനകമായ സാഹചര്യം നമുക്ക് ബോധ്യപ്പെട്ടുവരുന്നതേയുള്ളൂ.

പ്രവാചക സന്ദേശത്തിന്റെ പ്രസക്തി കാലത്തെയും ചരിത്രത്തെയും അതിജീവിച്ചു നിലക്കൊള്ളുന്നു. ഇത് ഞാൻ പറഞ്ഞതല്ല; ലോകപ്രശസ്ത രാഷ്ട്രമീമാംസകനായ വില്യം മൂർ പ്രവാചക ജീവിതത്തെക്കുറിച്ച് പഠനം നടത്തി പറഞ്ഞതാണ്. ലോകമുള്ളേടത്തോളം, ചരിത്രമുള്ളേടത്തോളം പ്രവാചക മഹത്ത്വം നിലനിൽക്കുമെന്ന് വില്യം മൂർ പറഞ്ഞു. മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്ത മുഹമ്മദ് നബിയെയും അനുയായികളെയും മദീനാ പട്ടണത്തിലെ ജനങ്ങൾ ഹർഷാരവത്തോടെ സ്വീകരിച്ചു. അവിടെ ആദ്യമായി സ്ഥാപിച്ച പള്ളിയായിരുന്നു ലോകത്തെ ആദ്യത്തെ ഇസ്‌ലാമിക ഭരണകൂടം. അതായിരുന്നു ആ രാഷ്ട്രത്തിന്റെ സെക്രട്ടറിയേറ്റ്, നിയമസഭയും കോടതിയും. അങ്ങനെ മദീനയിൽ ആരംഭിച്ച ആദ്യത്തെ ഇസ്ലാമിക രാഷ്ട്രം ഒരു മാതൃകാ രാഷ്ട്രമാക്കി മാറ്റുന്നതിനു വേണ്ടി പ്രവാചകൻ നടത്തിയ പ്രവർത്തനങ്ങൾ ഇന്നും ഏറെ പ്രസക്തമാണ്. അതിനുവേണ്ടി ആദ്യം അദ്ദേഹം ചെയ്തത് അയൽ ഗോത്രങ്ങളുമായി സമാധാന ഉടമ്പടികളുണ്ടാക്കുകയാണ്.

തുല്യമായ ബാധ്യതകളുടെയും അവകാശങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെ ഉണ്ടാക്കുന്ന ഒരു കരാറും ശാശ്വതമായി നിലനിൽക്കുന്നതല്ല. ഇന്ത്യയും അമേരിക്കയും ഏർപ്പെടാൻ പോകുന്ന നിർദിഷ്ട കരാർ തുല്യമായ ബാധ്യതകളുടെയും അവകാശങ്ങളുടെയും അടിസ്ഥാനത്തിലുള്ളതല്ല. 14 നൂറ്റാണ്ടു മുമ്പ് പ്രവാചകൻ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനം ഞാൻ നേരത്തെ പറഞ്ഞ തുല്യാവകാശമാണ്. ഒന്ന് മറ്റൊന്നിനെ കീഴടക്കാൻ വേണ്ടി ഉണ്ടാക്കുന്ന കരാറുകൾ തുല്യമായ അവകാശങ്ങളുടെയും ബാധ്യതകളുടെയും അടിസ്ഥാനത്തിൽ ഉണ്ടാക്കപ്പെട്ടതല്ല. ഇതുപോലുള്ള അന്താരാഷ്ട്ര കാര്യങ്ങളിൽപോലും മാതൃകയാക്കാൻ കഴിയുന്നതാണ് പ്രവാചകൻ 14 നൂറ്റാണ്ടു മുമ്പ് ആരംഭിച്ച ഭരണവ്യവസ്ഥ.

ലോകത്ത് സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം പ്രസരിപ്പിക്കുന്നവയാണ് ഇസ്ലാമിക ദർശനങ്ങൾ. നിർഭാഗ്യവശാൽ, ഏഴാം നൂറ്റാണ്ടിൽ വാളാൽ പ്രചരിപ്പിക്കപ്പെട്ടുവെന്ന് പരിചയപ്പെടുത്താൻ ചിലർ ശ്രമിച്ച അതേ വിശ്വാസം 21-ാം നൂറ്റാണ്ടിൽ ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും വികലമായ രൂപമായി പുതിയ തലമുറക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ ബോധപൂർവമായ ശ്രമങ്ങളാണ് നടക്കുന്നത്.

സമകാലികസമൂഹത്തിൽ സാമ്പത്തിക നീതിയെന്നത് അപ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. ആഗോളതലത്തിലെ സാമ്പത്തിക അസമത്വം ഉണ്ടാക്കാൻ പോകുന്ന സാമൂഹിക അസമത്വം വളരെ ഭീകരമായിരിക്കും. ലാഭാധിഷ്ഠിതമായ സാമ്പത്തിക സ്ഥിതിയിലൂടെ ലോകത്ത് ഒരു പുതിയ സാമൂഹികക്രമവും സാമ്പത്തികക്രമവും വളർന്നുവന്നിരിക്കുകയാണ്. പ്രവാചകൻ പറഞ്ഞത്, സമൂഹത്തിന്റെ സ്വത്താണ് സമ്പത്ത് എന്നാണ്. വ്യക്തിക്ക് സമ്പത്ത് ആർജിക്കാനുള്ള അവകാശമുണ്ട്. പക്ഷേ, ആ സമ്പത്ത് ആർജിക്കുന്നയാൾ അയാളുടെ മൂലധന വരുമാനത്തിന്റെ രണ്ടരശതമാനവും കാർഷികവരുമാനത്തിന്റെ പത്തു മുതൽ ഇരുപതു ശതമാനം വരെയും സകാത്തായി നൽകണം. അത് വാർഷികമായി കൊടുക്കേണ്ട ഗ്രാന്റാണ്. അത് ദരിദ്രന്റെ അവകാശമാണെന്ന് ഖുർആൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് മദീനാ രാഷ്ട്രത്തിൽ നടപ്പാക്കിയത്. വാർഷികവരുമാനത്തിന്റെ നിയതമായ ശതമാനം ദരിദ്രർക്ക് കൂടി അവകാശപ്പെട്ടതാണ്. അതാണ് സാമ്പത്തിക നീതിയുടെ പ്രത്യയശാസ്ത്രം. അധ്വാനിക്കുന്നവന്റെ വിയർപ്പ് വറ്റുന്നതിനു മുമ്പ് അർഹതപ്പെട്ട കൂലി നൽകണമെന്നും പ്രവാചകൻ പഠിപ്പിച്ചു. പാവപ്പെട്ടവർക്കും തൊഴിൽ രഹിതർക്കും തങ്ങളുടെ രാഷ്ട്രത്തിന്റെ ഖജനാവിൽ അവകാശമുണ്ട്. ദരിദ്രർക്ക് നടപ്പാക്കേണ്ടുന്ന സാമൂഹികക്ഷേമ പദ്ധതികൾ അവയാണ്.

ദുർബല വിഭാഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ, പെൻഷൻ പദ്ധതികൾ, തൊഴിലില്ലായ്മ വേതനം അടക്കമുള്ള പദ്ധതികൾ നടപ്പാക്കാൻ ഭരണകൂടം ബാധ്യസ്ഥമാണ്. പതിനാല് നൂറ്റാണ്ടു മുൻപ് മദീനാ രാഷ്ട്രത്തിൽ ഈ വ്യവസ്ഥ ഉണ്ടായിരുന്നു. ഇന്ന് ദരിദ്രർക്കും തൊഴിൽരഹിതർക്കും തങ്ങളുടെ രാഷ്ട്രത്തിന്റെ ഖജനാവിൽ അവകാശമുണ്ടെന്ന് പറഞ്ഞാൽ അംഗീകരിക്കാൻ ആധുനിക സാമ്പത്തികലോകം തയാറാകുമോ? അത് പുരോഗമന വിരുദ്ധ ആശയമാണെന്നും പ്രതിലോമ അറുപിന്തിരിപ്പൻ ആശയമാണെന്നും സമർഥിക്കാൻ ധാരളമാളുണ്ടാകാം.

ആഗോളവത്കരണ സാമ്പത്തിക പ്രത്യയശാസ്ത്രത്തിന്റെ കുത്തൊഴുക്കിൽ പാവപ്പെട്ടവനും കൃഷിക്കാരനും സാധാരണക്കാരനും തൊഴിലാളിയും ഒഴുകിപ്പോകുമ്പോൾ, അങ്ങനെ ഒഴുകിപ്പോകേണ്ടവനല്ല അവനെന്നും അവനും കൂടി അവകാശപ്പെട്ടതാണ് ഖജനാവും സ്വത്തും സമ്പത്തുമെന്നും ഒരു ദർശനം പ്രഖ്യാപിച്ചുവെങ്കിൽ, ആ വിശ്വാസം ലോകത്ത് പ്രാവർത്തികമാക്കിയെങ്കിൽ, ആ സാമ്പത്തിക-സാമൂഹിക സമത്വത്തിന്റെ സന്ദേശം ലോകത്ത് ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന

കാലത്ത് പ്രവാചക സന്ദേശത്തിന് പ്രസക്തിയുണ്ട്.

അടുത്ത ദിവസങ്ങളിൽ അമേരിക്കയുടെ റിപ്പോർട്ട് പത്രങ്ങളിൽ കണ്ടു. ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടായിരുന്നു അത്. മനുഷ്യാവകാശങ്ങളെ കുറിച്ച് പറയുന്ന റിപ്പോർട്ട്. അതിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടത് ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കൊച്ചുകേരളമായിരുന്നു. അബ്ദുന്നാസിർ മഅ്ദനിയുടെ കരുതൽ തടങ്കലിനെ കുറിച്ചുമുണ്ടായിരുന്നു, ഈ സർക്കാരിന്റെ കസ്റ്റഡി മരണത്തെ കുറിച്ചും. എത്ര സൂക്ഷ്മമായ റിപ്പോർട്ടായിരുന്നു അത്. വർഷങ്ങൾക്കു മുമ്പ് ഫോർട്ട് പോലീസ് സ്റ്റേഷനിൽ നടന്ന ഉദയകുമാർ ഉരുട്ടിക്കൊല കേസ് അതിൽ ഉണ്ടായിരുന്നു. ആ കേസ് കോടതിയിൽ വന്നപ്പോൾ വിസ്താരത്തിൽ പ്രോസിക്യൂഷൻ സാക്ഷികൾ കൂറുമാറിയതാണ് മനുഷ്യാവാകശലംഘനമായി അമേരിക്ക ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നമുക്കത് സന്തോഷത്തോടെ സ്വാഗതം ചെയ്യാം. ഇത്തരം കാര്യങ്ങൾ വളരെ സൂക്ഷ്മമായി മനുഷ്യാവകാശലംഘനമായി ചിത്രീകരിക്കുന്ന അമേരിക്ക, ഇക്കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ഇറാഖിന്റെ മണ്ണിൽ അധിനിവേശത്തിലൂടെ കൊന്നൊടുക്കിയത് സ്ത്രീകളും കുഞ്ഞുങ്ങളുമടങ്ങുന്ന ആറുലക്ഷത്തിലധികം പേരെയാണ്. എന്തേ യു.എസ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചില്ല? അനൗദ്യോഗിക കണക്കുകൾ അതിലും കൂടുതലാണ്. ലോകത്താകെ നടക്കുന്ന മറ്റ് ഭീകരപ്രവർത്തനങ്ങൾ അമേരിക്കയുടെ ചാരക്കണ്ണുകൾ കണ്ടില്ല. ഇവിടെ ഉദയകുമാർ കേസിലെ പ്രോസിക്യൂഷൻ സാക്ഷി കൂറുമാറിയത് ഉൾപ്പെടെയുള്ള സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഉദയകുമാർ സംഭവത്തെ ന്യായീകരിക്കുകയല്ല. അങ്ങനെയാണ് പലപ്പോഴും പുരോഗമന പ്രസ്ഥാനങ്ങളെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും സാമ്രാജ്യത്വ അധിനിവേശത്തിന് എതിരായി ശബ്ദിക്കുന്ന പ്രസ്ഥാനങ്ങളെയും ലോകത്ത് തകർക്കാൻ ശ്രമിക്കുന്നത്. ഇറാഖിലെ അധിനിവേശം, ഇറാനിലേക്കുള്ള നോട്ടം, ഫലസ്ത്വീൻ ജനത നേരിടുന്ന ജീവൽ പ്രശ്നങ്ങളൊക്കെ ഈ പശ്ചാത്തലത്തിൽ മാത്രമേ നോക്കിക്കാണാൻ കഴിയൂ.

ഇസ്‌ലാം ഏർപ്പെട്ടിട്ടുള്ള യുദ്ധങ്ങളുടെ കണക്ക് പരിശോധിച്ചാൽ ആ യുദ്ധത്തിൽ മരണപ്പെട്ടിട്ടുള്ളവർ 1500-നു താഴെ മാത്രമാണ്. ഇവിടെ യുദ്ധമില്ലാതെ തന്നെ യുദ്ധത്തിന്റെ പേരിൽ മരിച്ചുകൊണ്ടിരിക്കുന്നവരാണുള്ളത്. യുദ്ധത്തിൽ തടവുകാരായി പിടച്ചവരോട് പ്രവാചകൻ പറഞ്ഞ വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മോചനദ്രവ്യം കെട്ടിവെക്കാൻ കഴിയാത്തവരോട് പ്രവാചകൻ പറഞ്ഞു: 'നീ പത്ത് മദീനാവാസികളെ വീതം എഴുത്തും വായനയും പഠിപ്പിക്കുക.' വിദ്യാഭ്യാസത്തിന്റെ പ്രാധാന്യമാണിവിടെ കാണുന്നത്. ചൈനയിൽ പോയിട്ടാണെങ്കിലും വിദ്യ അഭ്യസിക്കണമെന്ന് പ്രവാചകൻ പറഞ്ഞു. മകളെ വിവാഹം ചെയ്ത് അയക്കുന്നതിന് പ്രതിശ്രുത വരനെ തെരഞ്ഞെടുത്തപ്പോഴും വലിയ ധനിക കുടുംബത്തിൽ പെട്ടവനായിരിക്കണമെന്നല്ല നിഷ്കർഷിച്ചത്, വിദ്യാസമ്പന്നനും സംസ്കാര സമ്പന്നനുമായ ചെറുപ്പക്കാരനായിരിക്കണമെന്നാണ്.

ഇപ്പോൾ ആ വിദ്യാഭ്യാസം കിട്ടാക്കനിയായി മാറിയിരിക്കുന്നു. ഖജനാവ് പൊതുസമൂഹത്തിന് അവകാശപ്പെട്ടതാണെന്ന ചിന്താധാരക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ മെഡിക്കൽകോളേജുകൾ അടക്കമുള്ളവ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. വൻകിട സ്വാശ്രയ മെഡിക്കൽകോളേജുകളുടെ കടന്നുകയറ്റം മൂലം പഠിപ്പിക്കാൻ ആളില്ലാത്ത അവസ്ഥയാണ്. മെല്ലെ മെല്ലെ ആരോഗ്യരംഗവും പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ഈ സാമൂഹിക പശ്ചാത്തലത്തിലാണ്, 14 നൂറ്റാണ്ടു മുമ്പ് മുഹമ്മദ് നബിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഭരണവ്യവസ്ഥയെക്കുറിച്ചുമുള്ള ഈ ചർച്ച പ്രസക്തമാവുന്നത്. ■

**തയാറാക്കിയത് : ജെ.കെ അൻസാർ**